# *Academic Master Plan*

## *2025-26*



# വിദ്യാർത്ഥികളുടെ എണ്ണം

| YEAR | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|
| 2023-2024 | 180 | 250 | 251 | 377 | 414 | 417 | 1889 |
| 2024-2025 | 125 | 206 | 277 | 323 | 370 | 412 | 1713 |
| 2025-2026 | 104 | 176 | 233 | 349 | 333 | 371 | 1566 |

# അദ്ധ്യാപകരുടെ എണ്ണം

| UP | HS | SPECIAL TEACHERS | OTHERS | H.M | TOTAL |
|---|---|---|---|---|---|
| 15 | 29 | 4 | 1 (CWSN) | 1 | 50 |

**ST. AUGUSTINE'S G H S S**

**KOTHAMANGALAM**

## OUR VISION

**The holistic development of a human being for fulfilling individual and social responsibilities with maturity ,by fostering intellectual competence,psychological integration,spiritual insight,moral and social uprightness.**

## OUR MISSION

**To empower and sensitize the female students:**

*** To develop free and fearless thinking.**

*** To promote a spirit of investigation leading to true wisdom.**

*** To handover to the coming generation an eco freindly lifestyle and an earth free from pollution, filth,bigotry and corruption.**

# OUR GOAL

**To enable the Augustinians to be**

- **Dedicated and mature,**
- **Responsible,**
- **Morally firm,**
- **Social motivated,**
- **And self- reliant women**
- ***So as to equip them to meet the challenges in life positively.***

# ആമുഖം

കൃത്യമായ ആസൂത്രണങ്ങളോടെ ഒരു വിദ്യാലയം ഏറ്റെടുക്കേ അക്കാദമിക കടമകളെയോ പ്രവർത്തനങ്ങളെയോ വിശദീകരിക്കുന്ന ആധികാരിക രേഖയാണല്ലോ അക്കാദമിക മാസ്റ്റർ പ്ലാൻ. ഭാവിക്ക് അനുയോജ്യമായ രീതിയിൽ മാറിക്കൊിരിക്കുന്ന നൂതനമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കനുസരിച്ച് സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഉന്നമനത്തിനായി ആസൂത്രണം ചെയ്തതും ചെയ്യാവുന്നതുമായ പദ്ധതികളുടെ ഒരു ഏകദേശ രൂപമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിശദമാക്കുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ 3 എട്ടങ്ങളായി വിഭജിച്ചിട്ടുണ്ട്.

1. ഹ്രസ്വകാല പദ്ധതി
2. ഇടക്കാല പദ്ധതി
3. ദീർഘകാല പദ്ധതി

## ഹ്രസ്വകാല പദ്ധതി

വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാ വിഷയങ്ങളിൽ എഴുതുന്നതിനും, വായിക്കുന്നതിനും ഉൾപ്പെടെ ആശയവിനിമയം സാധിക്കുന്നു,എന്ന് ഉറപ്പുവരുത്തുന്നതിനും,ഭാഷേതര വിഷയങ്ങളിൽ അവരുടെ അഭിരുചി വികസിപ്പിക്കുകയും തൽപരരാക്കുകയും ചെയ്യുക എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആണ് ഹ്രസ്വകാല പദ്ധതിയിൽഉൾപ്പെടുത്തിയിട്ടുള്ളത്.വർഷത്തിന്റെ ആരംഭത്തിലെ മൂന്നോ നാലോ മാസങ്ങൾ കൊണ്ട് പൂർത്തിയാക്കുന്ന പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾപ്പെ ടുത്തിയിട്ടുള്ളത് .അക്കാദമിക മികവിനാണ് ഇതിൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

# ഇടക്കാല പദ്ധതി

അക്കാദമിക വർഷത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയാണ് ഇടക്കാല പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ:

1.സ്കൂൾ ക്യാമ്പസും പരിസരങ്ങളും മുൻ വർഷങ്ങളേക്കാൾ ഉപരിയായി ഹരിതാഭമാക്കുക.

ഹരിത ക്ലബ്ബിന്റെ സഹായത്തോടെ സ്കൂളിലെ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധ തോട്ടംഎന്നിവ മനോഹരമാക്കുന്നു.

2.ലഹരിയുടെ അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവതികൾ ആകത്തക്കവിധം, വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കുക.

3. കുട്ടികളിൽ കായിക ശേഷിയും ഏകാഗ്രതയും വർദ്ധിപ്പിക്കുന്നതിനുള്ള നൂതനങ്ങളായ പദ്ധതികൾ നടപ്പിലാക്കുക.

(ZUMBA ഡാൻസ് എല്ലാദിവസവും പരിശീലിക്കുന്നു.)

4. കുട്ടികളിൽ ലൈബ്രറി ഉപയോഗം വർദ്ധിപ്പിക്കുകയും, വായന ആഴത്തിലുള്ളതാക്കാൻ ഉള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

5. സ്കൂളിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ പത്രം (ഡിജിറ്റൽ മാഗസിൻ) ഓരോ മാസവും തയ്യാറാക്കുക.

6. സ്കൂളിന്റെ എല്ലാ മികവാർന്ന പ്രവർത്തനങ്ങളിലും സ്കൂളിലെ യൂട്യൂബ് ചാനൽ,ഫേസ്ബുക്ക്,instagram തുടങ്ങിയ അക്കൗണ്ടുകൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

## ദീർഘകാല പദ്ധതി :

വിദ്യാലയത്തിലെ അക്കാദമികവും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കി ആവശ്യമെങ്കിൽ പൊതുജന പങ്കാളിത്തത്തോടെയും നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ലക്ഷ്യങ്ങൾ :**

1.സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സ്കൂൾ കെട്ടിടത്തിന്റെ പഴയ ഒരു ഭാഗം നീക്കം ചെയ്ത്, പുതിയ സ്കൂൾ കെട്ടിടം, മൂന്ന് നിലകളായി പണിയുന്നു.

2. നിലവിലുള്ള ഐടി ലാബിന് പകരം ഹൈസ്കൂൾ വിഭാഗത്തിന് നൂതനമായ എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ പുതിയ ഐടി ലാബ് നിർമ്മിക്കുന്നു.

3. പുതിയ ഐടി ലാബിലേക്ക് ആവശ്യമായ ലാപ്ടോപ്,പ്രൊജക്ടറുകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ ലഭ്യമാക്കുന്നു.

4. കുട്ടികൾക്ക്, പുതിയ ഡസ്ക് ബെഞ്ച് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കൂടുതലായി ഒരുക്കുന്നു.

5. കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധത ഉളവാക്കുന്നതിനുള്ള ചാരിറ്റി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഭവന നിർമ്മാണം, ചികിത്സാസഹായം, പഠന സഹായം എന്നിവ ഇതിൽ ലക്ഷ്യം വയ്ക്കുന്നു.

6. അടുത്ത വർഷത്തേക്ക് പുതിയതായി ഒരു സ്കൂൾ ബസ് കൂടി വാങ്ങുന്നതിന് ലക്ഷ്യം വെക്കുന്നു.

# അക്കാദമിക നേട്ടങ്ങൾ

**TOPPER SCHOOL AWARD**

തുടർച്ചയായ ആറു വർഷങ്ങളായി എസ്എസ്എൽസിക്ക് 100% വിജയം നിലനിർത്തുന്നതോടൊപ്പം എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ എപ്ലസ് നേടി ടോപ്പർ സ്കൂളിനുള്ള അവാർഡ് കരസ്ഥമാക്കി. ഈ വർഷം ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ ജില്ലയിലെ രണ്ടാമത്തെ വിദ്യാലയമാണ് സെന്റ് അഗസ്റ്റിൻസ്.

**FULL A+** 123

**9A+** 25

## EXCELLENT AWARD

കോതമംഗലം മുനിസിപ്പാലിറ്റിയിലെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള എക്സലന്റ് അവാർഡ്

സ്കൂൾ സ്വന്തമാക്കി.

എസ്എസ്എൽസി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാഭ്യാസജില്ലയിലെ ഒന്നാമത്തെ സ്കൂൾ എന്നതിന് ലഭിച്ച അവാർഡുകൾ:

1. എംഎൽഎ അവാർഡ്
2. കോതമംഗലം മുനിസിപ്പാലിറ്റിയുടെ അവാർഡ്.
3. കോതമംഗലം ബ്ലോക്ക് തലത്തിലുള്ള അവാർഡ്.
4. എന്റെ നാട് കൂട്ടായ്മ നൽകിയ എക്സലന്റ് അവാർഡ്.

- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിൽ മികവ് തെളിയിച്ച അതിനുള്ള **EDU CARE AWARD.**

- മികച്ച പിടിഎക്കുള്ള എംഎൽഎ അവാർഡ്.

- കോതമംഗലം അസംബ്ലിയിലെ, പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തിയ വിദ്യാലയത്തിനുള്ള എംഎൽഎ അവാർഡ്.

- USS പരീക്ഷയിൽ ഏറ്റവും കൂടുതൽ വിജയം നേടിയ, വിദ്യാഭ്യാസ ജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള എംഎൽഎ അവാർഡ്.

- USS വിജയികൾ 29

# ACADEMIC EXCELLENCE

## SSLC EXAMINATION RESULT

| YEAR | NO OF STUDENTS APPEARED | NO OF STUDENTS PASSED | RESULT | FULL A+ | 9 A+ |
|---|---|---|---|---|---|
| 2024 | 415 | 415 | 100% | 123 | 42 |
| 2025 | 410 | 410 | 100% | 123 | 25 |

# അക്കാദമികേതര വിജയങ്ങൾ, നേട്ടങ്ങൾ, ട്രോഫികൾ :

## സബ്ജില്ലാതലം :

കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്

ശാസ്ത്രമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്

സ്പോർട്സ് മത്സരത്തിൽ ഓവറോൾ തേർഡ്.

സ്പോർട്സ് High Jump ഗോൾഡ് മെഡൽ.( ഫിദ ഫാത്തിമ എം എ )

കരാട്ടെ ഗോൾഡ് മെഡൽ.

## റവന്യൂ ജില്ലാതലം:

ശാസ്ത്രമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്

കലാമേളയിൽ ബെസ്റ്റ് സ്കൂളിലുള്ള മൂന്നാം സ്ഥാനം.

സ്പോർട്സ് High Jump ഗോൾഡ് മെഡൽ.

കരാട്ടെ ഗോൾഡ് മെഡൽ.

## സംസ്ഥാനതലം :

ഗ്രൂപ്പ് ഡാൻസ് എ ഗ്രേഡ്

തിരുവാതിര എ ഗ്രേഡ്.

സ്പോർട്സ് High Jump ഗോൾഡ് മെഡൽ.

കരാട്ടെ ഗോൾഡ് മെഡൽ 2 കുട്ടികൾ

## നാഷണൽ തലം:

സ്പോർട്സ് High Jump സിൽവർ മെഡൽ. ഫിദ ഫാത്തിമ എം എ

# ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ

1.സൗകര്യപ്രദങ്ങളായ 35 ക്ലാസ് മുറികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ,ഓഫീസ് റൂം, കുട്ടികൾക്കായി വൃത്തിയായ 90 ടോയ്‌ലറ്റുകൾ.

2. സൗകര്യപ്രദമായ സയൻസ്, സോഷ്യൽ സയൻസ്, മാത് സ്, കമ്പ്യൂട്ടർ ലാബുകൾ.

3.പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി,വായനാമുറി,കൗൺസിലിംഗ് റൂമുകൾ.

4.ഊർജ്ജ സംരക്ഷണം പ്രയോഗികമാക്കി സ്കൂളിലേക്ക് ആവശ്യമായ വൈദ്യുതോർജ്ജം സോളാർ പാനൽ സംവിധാനത്തിലൂടെ.

5.ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന പദ്ധതിയിലൂടെ

സ്കൂൾ ഔഷധ തോട്ടം,പച്ചക്കറി തോട്ടം, ജൈവവൈവിധ്യ ഉദ്യാനം , ബട്ടർഫ്ലൈ പാർക്ക്,മത്സ്യക്കുളം.

6.കുട്ടികളുടെ യാത്ര സൗകര്യത്തിനായി 9 സ്കൂൾ ബസ്സുകളും ഒരു ട്രാവലറും.

7.കുട്ടികൾക്കായി ഓരോ ക്ലാസിലേക്കും കുടിവെള്ള സൗകര്യങ്ങൾ ലഭിക്കുന്ന കൂളർ മെഷീനുകൾ എല്ലാ നിലയിലും.

8.MLA - മാനേജ്മെന്റ് ചേർത്ത് നിർമ്മിച്ച് ആധുനിക സംവിധാനങ്ങളോട് കൂടിയ പാചകപ്പുര, വിഭവസമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി.

9.കുട്ടികൾക്ക് താമസിച്ച് പഠിക്കാൻ സൗകര്യപ്രദമായ ബോർഡിങ്.

10.ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി ആധുനിക സൗകര്യങ്ങളോടു കൂടിയ റിസോഴ്സ് റൂം.

11.സ്കൂളിനെയും കുട്ടികളെയും ചുറ്റുപാടിനെയും നിരീക്ഷിക്കുന്നതിനായി സിസിടിവി ക്യാമറകൾ.

12.സ്കൂളിന് സ്വന്തമായി യൂട്യൂബ് ചാനൽ, ഫേസ്ബുക്ക്, instagram അക്കൗണ്ടുകൾ.

# ഹ്രസ്വകാല പദ്ധതി വിശദീകരണം;

# മലയാളം

അടിസ്ഥാനശേഷികൾ ആർജിക്കുന്നതിലൂടെ കുട്ടിയുടെ ഭാഷ¯പഠനം സുഗമമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് . സാംസ്കാരിക മൂല്യം കാത്തുസൂക്ഷിച്ചുകൊണ്ട് വ്യക്തിപരമായ കഴിവുകൾ വളർത്തി ജീവിതത്തിലും സമൂഹത്തിലും ഉന്നതി നേടുന്ന മികച്ച വ്യക്തികളായി വിദ്യാർത്ഥികളെ വളർത്തിയെടുക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടുന്ന കുട്ടി | *അക്ഷരംഉറപ്പിക്കൽ<br>*അക്ഷര കാർഡ്നൽകൽ<br>*അക്ഷരോച്ചാരണ കേളി<br>*വാക്ക്നിർമ്മാണം<br>*വാക്യംനിർമ്മാണം<br>*കഥ പറച്ചിൽ<br>*കവിത ചൊല്ലൽ (ഒന്നല്ലി നാം എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് നിങ്ങൾ ഓർക്കുക എന്ന കവിത) | ജൂൺ- ജൂലൈ | *പാഠപുസ്തകം<br>*ചിത്രങ്ങൾ<br>*പത്രങ്ങൾ<br>*മാസികകൾ | പിറ്റിഎ, മലയാളം അധ്യാപിക |
| 2)വായനക്കാരനായ കുട്ടി | *സ്കൂൾ ലൈബ്രറി നവീകരണം<br>*വാർത്ത അവതരണം<br>*വായന¯ ക$^3$ട്ട$^1$ നിർമ്മിതി<br>*വായനോത്സവം സംഘടിപ്പിക്കൽ<br>*വായനാനുഭവം - അവതരണം<br>*വായന കുറിപ്പ് -പതിപ്പ് തയ്യാറാക്കൽ<br>*ആനുകാലിക പ്രസിദ്ധീകരണവായന<br>*ഇ .വായന<br>*ബഷീർ കൃതികൾ വായിക്കാം (ഉള്ളിലുയർക്കും മഴവില്ല് എന്ന യൂണിറ്റുമായി ബന്ധപ്പെട്ട്)<br>*കാർഷിക സംസ്കാരത്തെ കുറിച്ചുള്ള അറിവുകൾ വായിക്കാം, ശേഖരിക്കാം (വിത്തും കൈക്കോട്ടും എന്ന യൂണിറ്റുമായി ബന്ധപ്പെട്ട്) | ഓഗസ്റ്റ് - സെപ്റ്റംബർ | *സ്കൂൾ ലൈബ്രറി<br>*പത്രം<br>*ആനുകാലികങ്ങൾ<br>*ഇന്റർനെറ്റ്<br>*ബഷീർ കൃതികൾ | മലയാളം അധ്യാപിക |

| | | | | |
|---|---|---|---|---|
| 3) എഴുത്തുകാരനായ കുട്ടി | *"എഴുത്തുകൂട്ടം" രൂപീകരണം<br>*കൈയക്ഷര പരിശീലനം<br>*വായനക്കുറിപ്പ് തയ്യാറാക്കൽ<br>*വ്യക്തിഗത രചന<br>*സംഘരചന<br>*കൈയ്യെഴുത്തു മാസിക<br>*പരിസ്ഥിരിക്കും ജീവജാലങ്ങൾക്കും അനുകൂലമായ രചനകൾ നിർമ്മിക്കാം. (ഭൂമിയാകുന്നു നാം എന്ന യൂണിറ്റുമായി ബന്ധപ്പെട്ട്) | ഒക്ടോബർ - നവംബർ | *സ്കൂൾ ലൈബ്രറി<br>*സാഹിത്യ കൃതികൾ<br>*ഫോട്ടോകൾ | ലയളം അധ്യാപിക |
| 4)അവതരണമികവാർന്ന കുട്ടി | *പ്രസംഗ പരിശീലന ക്ലാസ്<br>*വിവിധ വിഷയങ്ങൾ നൽകിയുള്ള പ്രസംഗ പരിശീലനം<br>*പാഠപുസ്തകത്തിൽ പഠിച്ച പാഠങ്ങൾ വിലയിരുത്തി സംസാരിക്കുക<br>*വാക്കുകൾ ഉച്ചരിക്കാൻ പരിശീലിക്കുക<br>*അഭിമുഖം തയ്യാറാക്കുവാനുള്ള പരിശീലനം (കലയുടെ വേരുകൾ എന്ന യൂണിറ്റുമായി ബന്ധപ്പെട്ട (പ്രവർത്തനം)<br>*[illegible] | ഡിസംബർ - ജനുവരി | *ലൈബ്രറി<br>*പാഠപുസ്തകം<br>*ഇന്ററർനെറ്റിൃഥ സഹായത്തോടെ വിവിധ അഭിമുഖങ്ങൾ കാണുന്നു | മലയാളം അധ്യാപിക |
| റീൽസ് നിർമ്മിക്കുന്ന കുട്ടി | *റീൽസ് നിർമ്മാണ പരിശീലന ക്ലാസ്<br>*ആശയ രൂപീകരണം<br>*റീൽസ് അവതരണം<br>*കലാരൂപങ്ങളുടെ അവതരണക്ഷണവുമായി ബന്ധപ്പെട്ട റീൽ നിർമ്മാണം<br>*ഡിജിറ്റൽ ആൽബം (ഭാഷ പൂത്തും സംസ്കാരം തളിർത്തും എന്ന യൂണിറ്റുമായി ബന്ധപ്പെട്ട (പ്രവർത്തനം) | ഫെബ്രുവരി - മാർച്ച് | *മൊബൈൽ ഫോൺ<br>*ഇന്ററർനെറ്റ്<br>*പാഠപുസ്തകം | മലയാളം അധ്യാപിക |

# ENGLISH

| Theme/Occasion | Suggested Activities | Focus | Learning Outcome |
|---|---|---|---|
| Reading Week | 1. Book Fair<br>2. Peer Reading Circles<br>3. Library Treasure Hunt | Reading for pleasure and comprehension | Develops reading habits, vocabulary, and fosters a love for literature |
| Nobel Laureates in<br>Literature Week | 1. Literary Walk through of Nobel Winners<br>2. Poster Making<br>3. AV Presentations<br>4. Role Plays | Research, Listening-Speaking, Presentation Skills | Awareness of global literary figures, enhanced cultural appreciation |
| Shakespeare Celebration | 1. Soliloquy Performance<br>2. Scene Enactment<br>3. Quiz on Shakespeare's Life | Theatre-based learning | Understanding classical literature, exposure to poetic and dramatic forms |
| Theatre Week | 1. One-Act Play Competition<br>2. Script writing Workshop | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| --- | --- | --- | --- | --- |
| 1) രാഷ്ട്ര ഭാഷ യോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവ സരം നൽകുന്നു. | ജൂൺ മുതൽ | വഅദ്ധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ Hindiയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യ കാരന്മാരുടെ കഥകൾ, നോവലു കൾ, സിനിമകൾ എന്നിവ കാണി ക്കുവാൻ അവ സരം നൽകുന്നു. | ജൂൺ മുതൽ | Hindi അധ്യാപകർ | |
| 3) വിവർത്തകർ, വാർത്ത വായന ക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | Hindi തിയേറ്ററുകൾ സജീകരിക്കുക<br><br>Hindiമാതൃഭാഷയാ യിട്ടുള്ള പ്രദേശങ്ങ ളിലേക്ക് പഠനയാ ത്രകൾ സംഘടിപ്പിക്കുന്നു.<br><br>പ്രശസ്ത ജേർണലിസ്റ്റുകളു മായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | Hindi അധ്യാപകർ | രക്ഷിതാക്കൾ പി.ടി.എ |

# കണക്ക്

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGH-LIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്<br>ക്രിയ അവബോധ പരി<br>ശോധനയും പരിഹാര<br>ബോധനവും) വർഗങ്ങ<br>ൾ, തുല്യത്രികോണ<br>ങ്ങൾ, ക്ലാസ് ടെസ്റ്റ് &<br>പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്<br>ക്രിയ അവബോധ പരി<br>ശോധനയും പരിഹാര<br>ബോധനവും) സമവാക്യ<br>ജോഡികൾ, ബ്രിഡ്ജ്-<br>ദശാംശ രൂപങ്ങൾ, പുതി<br>യ സംഖ്യകൾ & ക്ലാസ്<br>ടെസ്റ്റ് & പരിഹാര ബോധ<br>നം | ഒപ്പത്തിനൊപ്പം (ചതു<br>ഷ്ക്രിയ അവബോധ<br>പരിശോധനയും പരി<br>ഹാര ബോധനവും)<br>സമാന്തര ശ്രേണികൾ,<br>വൃത്തങ്ങളും കോണ<br>കളും, ക്ലാസ് ടെസ്റ്റ് &<br>പരിഹാര ബോധനം | ☐ക്ലബ് ഉദ്ഘാടനം<br>☐ **Problem of the week**<br>തുടക്കം<br>☐ **Maths Bulletin Board**<br>സ്ഥാപിക്കൽ<br>☐ ജൂൺ 19 **Pascal**<br>ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ,<br>വർഗസമവാക്യങ്ങൾ,<br>ബഹുപദങ്ങൾ, ക്ലാസ്<br>ടെസ്റ്റ് & പരിഹാര<br>ബോധനം | പുതിയ സംഖ്യകൾ,<br>ബ്രിഡ്ജ് - ത്രികോണ<br>പരപ്പ്, സമാന്തരവരകൾ,<br>ക്ലാസ് ടെസ്റ്റ് & പരിഹാര<br>ബോധനം | വൃത്തങ്ങളും, കോണ<br>കളും, സമാന്തര ശ്രേ<br>ണിയും, ബീജഗണിത<br>വും, സാധ്യതകളുടെ<br>ഗണിതം, ക്ലാസ് ടെസ്റ്റ്<br>& പരിഹാര ബോധനം | ☐ഗണിതമേളയുമായി<br>ബന്ധപ്പെട്ട വർക്ക്<br>ഷോപ്പ്<br>☐ **Weekly Maths Joutnal**<br>***പ്രസിദ്ധീകരിç്ì.***<br>☐ **Maths Talent Test** |
| AUGUST | ബഹുപദങ്ങൾ,<br>സമവാക്യപരിഹാരം,<br>ഒന്നാം പാദവാർഷിക<br>പരീക്ഷ & **PTM** | ഗുണന സമവാക്യങ്ങൾ,<br>അഭിന്നക ഗുണനം,<br>ഒന്നാം പാദവാർഷിക<br>പരീക്ഷ **& PTM** | രണ്ടാംകൃതി<br>സമവാക്യങ്ങൾ,<br>ത്രികോണമിതി, ഒന്നാം<br>***പാദവാർഷിക പരീക്ഷ***<br>**& PTM** | ☐ ഗണിതക്വിസ്സ് മത്സരം<br>☐ ഗണിത മാഗസിൻ<br>☐ **Peer Tutoring – Teach a**<br>**Topic** മത്സരം |

| | | | | |
|---|---|---|---|---|
| SEPTEMBER | **പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം** | **അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം** | **ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം** | **□ സ്കൂൾ ഗണിതമേള**<br>**□ Geo Gobra ൽ പ്രത്യേക പരിശീലനം**<br>**□ Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം** |
| **OCTOBER** | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവു കൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സബ്ജില്ല ഗണിതം മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>Maths Pazzle Day സംഘടി പ്പിക്കുക |
| **NOVEM-BER** | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഫീൾഡ് ട്രിപ്പ് സംഘടി പ്പിക്കുക. '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (without the world is noth-ing. Write a letter to zero) Nov-4 ശകുന്തള ദേവി |
| **DECEMBER** | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM\| | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| **JANUARY** | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| **FEBRUARY** | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | Pi - ചരിത്രവും പ്രാധാ ന്യവും പ്രോഗ്രാം |
| **MARCH** | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | SSLC വിദ്യാർത്ഥി കൾക്ക് തിരിഞ്ഞു നോട്ടം |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>വയൽ കിളികൾ: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേകം പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2). ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക. പൗര ബോധം മൂല്യ ബോധം<br>ഇവ വളർത്തുക | ഒന്നായി നമ്മൾ സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസ്സുകൾ |
| 3)സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ടപ്പ്അപ്പ്:<br>സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ | | | |

| | | | | |
|---|---|---|---|---|
| 4)മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു<br>ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ. സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവനും<br>അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെന്റ്<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5)ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലം നിർണ്ണയം നന്നായി നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ:<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപണ വായന പ്രോത്സാഹിപ്പിക്കുന്നകൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു | മൈ സിനിമാ റൂം<br>സാമൂഹ്യശാസ്ത്രമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കു | | സാമൂഹ്യ ശാസ്ത്ര | |

| | | | | |
|---|---|---|---|---|
| വിജ്ഞാനം<br>വളർത്തുക<br><br>7) 5 വ്യത്യസ്ത ഇനം<br>മണ്ണിനെക്കുറിച്ചും<br>ജലാശയങ്ങളെ<br>കുറിച്ചും കാറ്റുകൾ<br>സമുദ്രങ്ങൾ 60<br>എന്നിവയെല്ലാം<br>പരിചയപ്പെടുത്തുക<br>എന്ന ലക്ഷ്യം | ന്ന ക്വിസുകൾ<br>ദിനാചരണങ്ങൾ<br>പ്രശ്നോത്തരി<br>സംവാദം<br>എന്നിവയെ<br>കുറിച്ച് കൂടുതൽ<br>വ്യക്തമായ<br>ധാരണ നൽകുക.<br>പ്രോജക്ട് റൂം etc<br>സിനിമ ചരിത്ര<br>സിനിമ പ്രദർശനം<br><br>ചരിത്ര കൊട്ടാരം<br>മേഖലകളെ<br>കുറിച്ച്<br>കുട്ടികളിൽ<br>അവബോധം<br>സൃഷ്ടിക്കുന്ന<br>ചരിത്ര<br>ലാബുകളുടെ<br>ക്രമീകരണം<br>കണ്ടും കേട്ടും<br>തൊട്ടറിഞ്ഞ<br>പഠനം ഹരമാക്കി<br>മാറ്റുന്നു | വർഷം<br>മുഴുവ<br>നും<br><br>വർഷം<br>മുഴുവ<br>നും | അധ്യാപക<br>ർ<br><br>സാമൂഹ്യ<br>ശാസ്ത്ര<br>അധ്യാപക<br>ർ | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുത കണ്ണിലൂടെ;<br><br>കൗതുകം ജിഞ്ജാസ നിരീക്ഷണപാടവം എന്നിവ പരിപോഷി പ്പിക്കു ക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കണിച്ചു കൊടുക്കുവാൻ അവസരംനൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായകര്യങ്ങൾ പറഞ്ഞു കൊടുത്ത്കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിപ്പിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br><br>ക്ലാസുകളിൽ രഘു പ്രോജക്ട്കൊടുത്ത് മെച്ചപ്പെട്ടത് സ്കൂ ളിൽ പൊതുവേ ദിയിൽ അവതരി പ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| ശാസ്ത്രലോകത്തേക്ക്;<br>നിരന്തരമായിഅന്വേ ഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാ നുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തു ക്കൾ | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | പ്രദർശിപ്പി ക്കാൻ അവസരംനൽ കുന്നു.<br><br>ശാസ്ത്ര ശിൽപ്പ ശാലകൾ സംഘടിപ്പി ക്കുന്നു. | | | |
| ഹൈടെക് വേൾഡ്; മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലബ്രറി ശാസ്ത്രമാസി ക പ്രസിദ്ധീകരണം.<br><br>സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരി ക്കുന്നു. | അക്കാദ മിക വർഷം | സയൻസ് അധ്യാപ കർ | പിടിഎ<br>മാനേജ്മെ ന്റ് |
| ആയുർരേഖ; പരിസ്ഥിതി സൗഹൃദ മനോഭാവംവളർ ത്തുക | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു<br><br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കാൻ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദ മിക വർഷം | സയൻസ് അധ്യാപ കർ<br><br>ആരോഗ്യ ക്ലബ് ഹരിത സേന സീഡ് | പിടിഎ<br>മാനേജ്മെ ന്റ്<br>കൃഷിവ കുപ്പ് ഹരിതസേ ന സീഡ് |
| വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻകളും പരിചയപ്പെടുന്നു<br><br>സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു<br><br>ശാസ്ത്രകാരന്മാരുമാ യി സംവദിക്കൽ | | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | രക്ഷിതാ ക്കൾ<br><br>മാനേജ്മെ ന്റ് |

# ഭിന്നശേഷി വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| *പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് | വീട് സന്ദർശനം നടത്തി മാതാപിതാക്കൾക്ക് ബോധവൽക്കരണം നടത്തുകയും പുതിയതായി കണ്ടെത്തിയ കുട്ടികളുടെ മാതാപിതാക്കൾക്ക് സർട്ടിഫിക്കറ്റ് എടുക്കേണ്ടതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പാഠഭാഗങ്ങൾ അനുരൂപീകരണം നടത്തി worksheet - കൾ തയ്യാറാക്കി നൽകുന്നു | രണ്ട് മാസം | Resource Teacher Class Teacher |
| * കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് | ക്ലാസ് റൂം പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു ദിനാചരണങ്ങളിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു | വർഷം മുഴുവനും | Resource Teacher Class Teacher |
| *പഠനം കൂടുതൽ രസകരമാക്കുന്നതിന് | കുട്ടികൾക്ക് സഹ പാഠിതാക്കളെ നൽകുന്നു | വർഷം മുഴുവനും | Resource Teacher Class Teacher |
| *പഠനനിലവാരം അറിയുന്നതിന് | ആഴ്ചയിൽ ഒരിക്കൽ പരീക്ഷ നടത്തുന്നു | ആഴ്ചയിൽ ഒരിക്കൽ | Resource Teacher |

# കല- വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളിമൺ ശില്പ നിർമ്മാണം കുട്ടികളിലെ സർഗ്ഗ ശേഷി വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം | കളിമണ്ണ് ഉപയോഗിച്ച് എട്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും കൊണ്ട് ശില്പനിർമ്മാണം പരിശീലിപ്പിക്കുന്നു പ്രദർശനം നടത്തുന്നു | ജൂൺ | ആർട്ട് അധ്യാപിക | പി റ്റി എ |
| കുട്ടികളിലെ സംഗീത വാസന കണ്ടെത്തുന്നു | ലോക സംഗീത ദിനത്തിൽ ഓരോ ക്ലാസിലെയും കുട്ടികളെ പങ്കെടുപ്പിച്ച് വിവിധ സംഗീത പരിപാടികൾ അവതരിപ്പിക്കുന്നു. | | ആർട്ട് അധ്യാപിക | പി റ്റി എ |
| ഒമ്പതാം ക്ലാസ്സിൽ വാർലി ചിത്രങ്ങൾ പരിചയപ്പെടുത്തുന്നു | ഓരോ കുട്ടികളെയും വാർലി ചിത്രങ്ങൾ ചാർട്ട് പേപ്പറിൽ വരയ്ക്കുന്നു. അവ മറ്റു കുട്ടികൾ പരസ്പരം മൂല്യനിർണയം നടത്തുന്നു. എല്ലാ കുട്ടികളുടെയും ചിത്രങ്ങൾ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കാണത്തക്ക വിധത്തിൽ പ്രദർശനം നടത്തുന്നു | | ആർട്ട് അധ്യാപിക | പി റ്റി എ |
| ജൂൺ മുതൽ ഫെബ്രുവരി വരെ എല്ലാവിധ ദിനാചരണങ്ങളുടെയും പ്രത്യേകതകൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നു . | ദിനാചരണത്തിനോടനുബന്ധിച്ച് ക്വിസ്, പ്രസംഗം, സംഗീത മത്സരങ്ങൾ തുടങ്ങിയവ സ്കൂളിൽ നടത്തപ്പെടുന്നു | | ആർട്ട് അധ്യാപിക | പി റ്റി എ |

# Health and Physical Education (HPE)

*Health and Physical Education (HPE) Master Plan* is a comprehensive, long-term strategy designed to promote student wellness, physical fitness, and lifelong healthy habits. It outlines goals, curriculum frameworks, instructional strategies, assessment methods, and resource allocation to ensure a high-quality HPE program.

*Key Components of an HPE Master Plan*

1. *Vision & Mission Statement*

   - Define the purpose of the HPE program (e.g., fostering lifelong health, physical literacy, and social-emotional well-being).

   - Align with state/national standards (e.g., SHAPE America, CDC guidelines).

2. *Needs Assessment & Data Analysis*

   - Evaluate current student health metrics (fitness levels, BMI, mental health trends).

   - Assess existing curriculum, facilities, and staff readiness.

   - Gather input from stakeholders (students, parents, teachers, community partners).

3. *Curriculum & Instruction*

   - *Health Education:*

     - Nutrition, mental health, substance abuse prevention, sexual health, disease prevention.

   - *Physical Education:*    - Skill development (movement, sports, fitness), cooperative games, lifelong activities (yoga, cycling).

   - *Social-Emotional Learning (SEL):*

     - Stress management, teamwork, resilience.

   - *Inclusivity & Adaptation:*

     - Differentiated instruction for diverse abilities (adaptive PE).

4. *Professional Development*

- Ongoing teacher training in best practices, new technologies, and trauma-informed instruction.

- Workshops on integrating health topics (e.g., vaping prevention, mental health first aid).

5. *Assessment & Accountability*

- Fitness testing (e.g., FitnessGram, PACER).

- Knowledge-based assessments (quizzes, projects on health topics).

- Student self-reflections and goal-setting.

6. *Facilities, Equipment & Safety*

- Ensure safe, accessible spaces (gyms, playgrounds, walking trails).

- Maintain and upgrade equipment (heart rate monitors, resistance bands).

- Emergency action plans (CPR/AED training for staff).

7. *Community & Family Engagement*

- Health fairs, family fitness nights, partnerships with local gyms/nutritionists.

- Parent workshops on healthy habits at home.

8. *Technology Integration*

- Wearable fitness trackers, health apps, virtual PE options.

- Online platforms for health education (e.g., EVERFI, Play Sports TV).

9. *Policy & Advocacy*

- Compliance with state mandates (e.g., required PE minutes, vaccination education).

- Advocate for increased HPE funding and support.

10. *Evaluation & Continuous Improvement*

- Annual review of student outcomes, program effectiveness, and stakeholder feedback.
- Adjust goals based on new research (e.g., obesity trends, mental health needs).

*Sample Goals for an HPE Master Plan*

- Increase student physical activity participation by 20% in 3 years.
- Reduce screen time and promote active recess strategies.
- Achieve 90% student proficiency in health literacy benchmarks.
- Integrate mindfulness and stress-reduction techniques school-wide.

*Conclusion*

A well-structured *HPE Master Plan* ensures that schools foster *physically literate, health-conscious students* prepared for lifelong wellness. By combining *evidence-based practices, stakeholder collaboration, and data-driven adjustments*, schools can create a sustainable culture of health.

# ഉപമേഖല: തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം (WIE)

മനുഷ്യന്റെ സർഗാത്മകതയും ബുദ്ധിശക്തിയും ആണ് ലോകം ഇന്നത്തെ നിലയ്ക്ക് ആകാൻ കാരണം മനുഷ്യരെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തനാക്കുന്നതിലാണ്. ഒരുപാട് പേർ കൂട്ടമായി ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്...... കൂട്ടായ്മയിൽ നിന്നും ഉണ്ടാകുന്ന പുതിയ ആശയങ്ങളാണ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ മികവ് തന്നെ.

## നേട്ടങ്ങൾ

വിദ്യാഭ്യാസത്തിലൂടെ, പഠനത്തിലൂടെ ഒരാൾ പ്രധാനമായും നേടിയെടുക്കുന്ന ശേഷി തന്റെയും സമൂഹത്തിന്റെയും സുസ്ഥിതക്കായി പ്രവർത്തിക്കുകയും കൂടെയുള്ളവരോടും പരിസരത്തോടും ലോകത്തോടും എങ്ങനെ ഒരാൾ ഇടപെടുന്നു എന്നതിലൂടെ അയാളുടെ സ്വീകാര്യതയെ നിർണയിക്കുന്നു എന്നുള്ളതാണ്. ശാരീരികമായും മാനസികമായും സാമൂഹികമായുള്ള ആരോഗ്യം നേടിയെടുക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് എങ്ങനെയെന്ന് അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോഴേക്കും ഓരോ വിദ്യാർത്ഥിയും അറിയുകയും ശീലിക്കുകയും ചെയ്യുന്നു. സ്വന്തം ജീവിതത്തെ ചിട്ടപ്പെടുത്താനും തനിക്ക് യോജിച്ച രീതിയിൽ തൊഴിൽ തിരഞ്ഞെടുക്കാനും തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൂക്കളിലൂടെ സമൃദ്ധി മൂല്യവർദ്ധന വിലൂടെ മുന്നേറ്റം.<br>1)വിവിധ<br>കൃഷിരീതികൾ വിപണന സാധ്യത പുഷ്പാലങ്കാര രീതികൾ മൂല്യ വർദ്ധിത<br>ഉത്പന്നങ്ങൾ | വിപണന സാധ്യതയുള്ള പൂക്കളുടെ കൃഷിയെ കുറിച്ചുള്ള അറിവുകൾ eg:മുല്ല കൃഷി, ശംഖ് പുഷ്പം. പുഷ്പാലങ്കാരത്തിന്റെ അടിസ്ഥാനം മനസ്സിലാക്കുന്നു. വിവിധ പുഷ്പാലങ്കാരങ്ങളെ പരിചയപ്പെടുന്നു. | അക്കാദമിക വർഷം | WIE<br>അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| പ്രതിരോധവും മുന്നേറ്റവും<br>വ്യക്തിജീവിതത്തിൽ അഭിമുഖീകരിക്കുന്ന വ്യത്യസ്ത പ്രശ്നങ്ങളെ വിശകലനം ചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു | വ്യത്യസ്ത ജീവിത സാഹചര്യങ്ങളെ അതിജീവിച്ച് മറ്റുള്ളവർക്ക് പ്രചോദനം നൽകിയ വ്യക്തികളെ പരിചയപ്പെടുത്തുന്നു.അവർ നേരിട്ട് പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിച്ചു എന്ന് അവരെക്കൊണ്ട് തന്നെഒരു സെമിനാർ സംഘടിപ്പിക്കുകയും ചോദ്യോത്തര വേളകൾക്ക് അവസരം സൃഷ്ടിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | WIE<br>അധ്യാപിക | PTA |
| പ്ലംബിംഗ്<br>ഡ്രിപ്പ് ഇറിഗേഷൻ, ജലവിതരണം മേഖലയിലെ നൂതന പ്രക്രിയകൾ അവതരിപ്പിക്കുന്നു | ജലവിതരണം മേഖലയിലെ പുതിയ രീതികളെ കുറിച്ച് വിദ്യാർത്ഥികൾ പരിചയപ്പെടുന്നു അവയുടെ പുതിയടൂൾസുകൾ ഫിറ്റിംഗ്സ്<br>എന്നിവയുടെ പ്രവർത്തനം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | WIE<br>അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| സ്വയം പരിപാലനം<br>നിത്യജീവിതത്തിൽ സ്വയം പരിപാലനത്തിന്റെ ആവശ്യകത വ്യത്യസ്ത സാഹചര്യങ്ങളിൽ അനുവർത്തിക്കുന്നു.<br>സാമൂഹിക മര്യാദകൾ സ്വായത്തമാക്കുന്നു. | വ്യക്തിഗത അവതരണം, നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളിലെ പെരുമാറ്റ രീതികൾ, വ്യക്തിത്വം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ സ്വായത്തമാക്കുന്നു | അക്കാദമിക വർഷം | WIE അധ്യാപിക | PTA |
| സ്വയം അറിയാം<br>തനിക്ക് ചുറ്റുമുള്ള സാധ്യതകളും കഴിവുകളും കണ്ടെത്തുന്നു.<br>ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് അവതരണം ചെയ്യാൻ പ്രാപ്തരാക്കുന്നു.<br>വെല്ലുവിളികളെ അവസരങ്ങൾ ആക്കി മാറ്റുന്നു .<br>വൈദഗ്യ മേഖല തിരിച്ചറിയുന്നു. | തന്റെ കഴിവുകളെയും അഭ്യുരുചികളെയും തിരിച്ചറിയുന്നു.<br>സ്വന്തം അഭിരുചി അനുസരിച്ച് തൊഴിൽ മേഖല കണ്ടെത്തുന്നു.<br>അതേക്കുറിച്ച് കൂടുതൽ അറിയുന്നതിനായി ജോലി ചെയ്യുന്നവരുമായി ചർച്ച ചെയ്യുന്നു. | അക്കാദമിക വർഷം | WIE അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| പാഴ് വസ്തുപരിപാലനം<br><br>പൈതൃക മാലിന്യ വിരാമ വിടേണ്ട ശീലം.<br><br>പൈതൃക മാലിന്യ പരിപാലനത്തിലെ നവീന രീതികളെ കുറിച്ച് ധാരണ നേടുക. | പൈതൃക മാലിന്യങ്ങൾ വൻ വിപത്താണെന്ന് മനസ്സിലാക്കുന്നു<br><br>ജൈവ പാഴ് വസ്തുക്കളുടെ കാര്യക്ഷമമായ പാക്കേജിങ്ങിന് പ്രത്യക്ഷ സാന്ദ്രത കണക്കാക്കൽ പ്രവർത്തനം പ്ലാസ്റ്റിക്കിന്റെ ഗുണനിലവാര പരിശോധന സാന്ദ്രത നിർണയം പരീക്ഷണം പൈതൃക മാലിന്യ പരിപാലനം സെമിനാർ പ്രദർശനം | അക്കാദമിക വർഷം | WIE<br>അധ്യാപിക | PTA |

# ഉപസംഹാരം

സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന്റെ സാധ്യതകൾ, അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവങ്ങളുടെ വിനിയോഗം, പ്രവർത്തന പദ്ധതികൾ എന്നിവയുടെ സംക്ഷിപ്ത രൂപമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് സ്ഥലത്തിലും വിഷയതലത്തിലും വ്യക്തിതലത്തിലും ഓരോ വിദ്യാർത്ഥിയുടെയും പരിമിതികളും സാധ്യതകളും മനസ്സിലാക്കി അവയ്ക്കുള്ള പരിഹാരത്തിനും സാധ്യതകൾ വികസിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ തയ്യാറാക്കി അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*****************************************